(സി) എങ്കിൽ, സെക്രട്ടേറിയറ്റിലെ വകുപ്പുകളിലേയും വിവിധ വകുപ്പ് ഓഫീസുകളിലേയും മണ്ഡലം തിരിച്ച് ആസ്തി വികസന ഫണ്ട് സംബന്ധിച്ച ഫയലുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കാൻ ആവശ്യമായ തീരുമാനമെടുത്ത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) നിലവിൽ ധനകാര്യ (നോഡൽ) വകുപ്പിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള വിവരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) രജിസ്റ്ററുകൾ പ്രത്യേകം സൂക്ഷിക്കുന്നില്ല എന്ന കാരണത്താൽ ധനകാര്യ വകുപ്പിൽ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ചുള്ള ഫയലുകൾക്ക് കാലതാമസം നേരിട്ടിട്ടില്ല. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) സെക്രട്ടേറിയറ്റിലെ വകുപ്പുകളിലെയും വിവിധ വകുപ്പ് ഓഫീസുകളിലെയും ആസ്തി വികസന ഫണ്ടുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയ ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ചായ സൽക്കാരത്തിന് ചെലവഴിച്ച തുക

4 (1705) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും ചായ സൽക്കാരത്തിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മറുപടി അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

5 (1707) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് ആറുമാസത്തിലധികം താമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ലോൺ എടുത്തും പലിശയ്ക്ക് പണം കടമെടുത്തും വീടുനിർമ്മിക്കുന്നതിന് തയ്യാറെടുക്കുന്ന തീരദേശവാസികളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(സി) കെ.സി.ഇസഡ്.എ.എ. മുമ്പാകെ എത്തുന്ന അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ കാലാവധി 2014 ഡിസംബർ 19-ന് അവസാനിച്ചിരുന്നു. തുടർന്ന് പുതിയ അതോറിറ്റി പുനഃസംഘടിപ്പിച്ച് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം സംസ്ഥാന സർക്കാരിന് ലഭ്യമായത് 2015 ഏപ്രിൽ നാലാം തീയതി മാത്രമാണ്. ഈ കാലയളവിൽ അതോറിറ്റി പ്രവർത്തിക്കാത്തതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതിന് കാരണമായി. തുടർന്ന് ഏപ്രിൽ, മേയ് മാസങ്ങളിൽ അതോറിറ്റി കൂടി കഴിയുന്നിടത്തോളം അപേക്ഷകൾ തീർപ്പാക്കി വരുന്നു. തുടർന്നുള്ള എല്ലാ മാസവും അതോറിറ്റി യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അപേക്ഷകളിൽ എത്രയുംവേഗം തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പങ്കാളിത്ത പെൻഷൻ പദ്ധതി

6 (1708) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ തീരുമാനങ്ങൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതി ഉദ്യോഗസ്ഥർക്ക് ഗുണകരമായ രീതിയിൽ നടപ്പാക്കുമെന്ന് സർവ്വീസ് സംഘടനകൾക്ക് ഉറപ്പു നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമാണ് കേരളത്തിൽ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly